HON'BLE MR. G. RAMACHANDRAN : അതിനെസംബന്ധിച്ച് ഗവ ണ്മെൻറിൽനിന്ന് ഒരു പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആ പട്ടിക ഇപ്പോൾ കൈയിലില്ലാത്തതുകൊണ്ട് ഉടനെ മറുപടി പറയാൻ സാധ്യമല്ല.

MR. ABDUL AZIZ : അതു പിന്നോക്കസമുദായങ്ങളുടെ പട്ടിക യല്ലേ?

HON'BLE MR. G. RAMACHANDRAN : അതേ, അങ്ങിനെ വിചാരി ച്ചാണ് ഞാൻ പറഞ്ഞത്.

MR. ABDUL AZIZ : ഈ ചോദ്യം അവശസമുദായങ്ങളെ സംബ ന്ധിച്ചാണെന്ന് നോട്ടുചെയ്യുമോ?

HON'BLE MR. G. RAMACHANDRAN : ചെയ്യാം.

കോഴഞ്ചേരി പാലം.

41. MR. T. T. KESAVAN SASTRI : കോഴഞ്ചേരിപാലംപണി പൂർത്തി യാക്കാൻ മൊത്തം ആകെ എത്ര രൂപ ചെലവായിട്ടുണ്ടെന്നും, അതിൽ ഇരുമ്പ്, സിമൻറ് മുതലായ സാധനസാമഗ്രികൾക്കുവേണ്ടി ആകെ എത്ര രൂപ ചെലവായെന്നും മറ്റാനങ്ങൾക്കുവേണ്ടി ആകെ എത്ര രൂപാ ചെലവായെന്നും പറയാൻ മയവുണ്ടാകുമോ?

HON'BLE MR. A. ATCHUTHAN : കോഴഞ്ചേരിപ്പാലത്തെ സംബന്ധി ച്ചുള്ള കണക്കുകൾ പൂർത്തിയായിട്ടില്ല. കണക്കുകൾ തിട്ടപ്പെടുത്തിവരു കയാണ്. അതുകൊണ്ട് ശരിയായ കണക്കു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. T. T. KESAVAN SASTRI : ആ പാലത്തിൻെറ പണി പൂർത്തിയാക്കാൻ എത്രകാലം വേണ്ടിവന്നു എന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : നാലുകൊല്ലം വേണ്ടിവന്നു എ ന്നാണ് കാണുന്നതു്.

MR. PAUL THALIATH (*Parur III—General*): പാലത്തിൻെറ പണി എന്നു പൂർത്തിയായി എന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : മൂന്നുനാലുമാസമായി.

LIBRARY ARCHIVES Kerala Legislative Assembly

MR. PAUL A. THALIATH : മൂന്നുനാലുമാസമായിട്ടും കണക്കു തിട്ടപ്പെടുത്തിയിട്ടില്ലെന്നാണോ പറയുന്നതു്?

HON'BLE MR. A. ATCHUTHAN : കണക്കുകൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണു്.

MR. K. RAMACHANDRAN (*Pathanamthitta I—Kammala Reserved*) : കാൺട്രാക്ടറു സിസ്റ്റത്തിലാണോ ഗവണ്മെൻറു നേരിട്ടാണോ പണി നടത്തിയതു്?

HON'BLE MR. A. ATCHUTHAN : ആദ്യം ഒരു കൺട്രാക്ടറു കൊടുത്തിരുന്നു. കാൺട്രാക്ടറു് എടുത്തവർ പണി പൂർത്തിയാക്കാതെ പോയതുകൊണ്ടു് ഗവണ്മെൻറു് ഏറ്റെടുത്തു നടത്തുകയാണു് ചെയ്തതു്.

MR. K. R. ELANKATH : കാൺട്രക്ടറുടെ ഫൈനൽ ബില്ലു് കൊടുത്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : അന്വേഷിച്ചുപറയാനെ നിവൃത്തിയുള്ളൂ.

MR. K. RAMACHANDRAN : ആദ്യത്തെ കാൺട്രാക്ടറു് അനുസരിച്ചു് കൺട്രാക്ടർക്കു് കൊടുത്ത സാധനങ്ങൾ ഒരുപയോഗപ്പെടുത്തിയതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

WORKSHOPS.

42. MR. G. NILAKANTAN (*Quilon III—Kammala Reserved*) : Will the Hon'ble Minister for Public works be pleased to lay on the table a list of the plants and machines available in the P. W. H. Q. Workshops and to state whether they are all in use and if not, why not?

HON'BLE MR. A. ATCHUTHAN : * ഒരു സ്റ്റേറ്റുമെൻറു് മേശമേൽ വച്ചിട്ടുണ്ടു്. ചില യന്ത്രസാമഗ്രികൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല. ആ വിവരവും ലിസ്റ്റിൽ കാണിച്ചിട്ടുണ്ടു്.

MR. ABDUL AZIZ : ഈ യന്ത്രസാമഗ്രികൾക്കു് എത്ര പണം ഗവണ്മെൻറു ചെലവാക്കിയിട്ടുണ്ടു്?

---

* *Vide* Appendix B.

LIBRARY ARCHIVES Kerala Legislative Assembly